കേരള സർക്കാർ

## പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3655**

**23.08.2017-ലെ മറുപടിക്ക്**

### പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച്

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.ഡി.കെ. മുരളി എം.എൽ.എ | ഡോ.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്ന കാരണത്താൽ, പ്രസ്തുത വായ്പ നൽകിയിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ, കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത വിഭാഗങ്ങൾക്ക് പുതിയ വായ്പകൾ നൽകുന്നതിനും വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല. വകുപ്പ് നടപ്പിലാക്കി വരുന്ന വായ്പ എഴുതിത്തള്ളൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനായി ആവശ്യമായ തുക വായ്പാ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ, പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010-ൽ തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പാ കുടിശ്ശിക ഒരു ലക്ഷം രൂപ വരെ (മുതലും പലിശയും ഉൾപ്പെടെ) **30.03.2015**-ലെ സർക്കാർ ഉത്തരവ് **G.O(P)No.24/2015/SCSTDD** പ്രകാരം എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഇതിനായി **2225-80-190-94(NP)** എന്ന ശീർഷകത്തിൽ **10 കോടി** രൂപയും അനുവദിച്ചിരുന്നു. കൂടാതെ ആവശ്യകത അനുസരിച്ച് തുക ലഭ്യമാക്കുമെന്നും ഉറപ്പ് നൽകിയിരുന്നു. |
| ബി) | ഇതു പരിഹരിക്കുന്നതിന് ആവശ്യമായ തുക ഓരോ വർഷത്തെയും ബഡ്ജറ്റിൽ നീക്കി വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നടപ്പ് വർഷം വായ്പ എഴുതിത്തള്ളൽ പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.വായ്പ എഴുതിത്തള്ളൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട വായ്പാ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറക്ക് അനുവദിച്ചു നൽകുന്നതാണ്. |

Jayanthy.T

**സെക്ഷൻ ഓഫീസർ**